(സി&ഡി) യഥാസമയം നടപടി സ്വീകരിക്കുകയും 2014-15 അധ്യയന വർഷം സർക്കാരുമായി കരാറിലേർപ്പെടാതിരുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് സർക്കാർ നൽകി വന്നിരുന്ന സൗകര്യങ്ങൾ പിൻവലിച്ചുകൊണ്ട് 10-3-2015-ലെ സ.ഉ. (ആർ‌റ്റി.) 810/2015/അ.കു.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്മേൽ വേണ്ട നടപടികൾ സ്വീകരിക്കാൻ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഏദ്രോഗ വിഭാഗവും കാത്ത് ലാബും ഏർപ്പെടുത്തുവാൻ നടപടി

54 (743) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മുഴുവൻ സമയ ഏദ്രോഗ വിഭാഗത്തിന്റെയും കാത്ത് ലാബിന്റെയും അഭാവം രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇവിടെനിന്നും മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യപ്പെട്ട രോഗികൾ യാത്രാമദ്ധ്യേ മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മുഴുവൻ സമയ ഏദ്രോഗ വിഭാഗവും കാത്ത് ലാബും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) വാഹനാപകടത്തിൽ ഗുരുതര പരിക്കേറ്റ് എറണാകുളം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും അടിയന്തര ചികിത്സ നൽകിയശേഷം വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുകയും ചെയ്ത ഒരു രോഗി മരണപ്പെട്ടിട്ടുണ്ട്.

(ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly